കെ.എസ്.ആർ.ടി.സി. കണ്ടക്ടർമാർക്കെതിരെ നടപടി

95 (1919)ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

ശ്രീ. സി.ടി. അഹമ്മദ്അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കണ്ടക്ടർമാരുടെ പേരിൽ യാത്രക്കാർ നൽകുന്ന പരാതികളിൻമേൽ നടപടികൾ സ്വീകരിക്കുവാൻ എന്ത് സംവിധാന മാണുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ ഏതൊക്കെ കണ്ട ക്ടർമാർക്കെതിരെ 1999 വർഷം പരാതികൾ ലഭിച്ചു;

(സി) പരാതി നൽകിയവരുടെ പേരും മേൽവിലാസവും വ്യക്തമാ ക്കുമോ;

(ഡി) ആരുടെയൊക്കെ പരാതികളിൻമേൽ തീർപ്പുകൽപ്പിച്ചു മറുപടി നൽകി;

(ഇ) ആരുടെയൊക്കെ പരാതികൾ തീർപ്പുകൽപ്പിക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(എഫ്)ഇവയിൽ എന്നത്തേയ്ക്ക് തീർപ്പുകൽപ്പിക്കുമെന്ന് വെളിപ്പെടു ത്തുമോ?

ഉത്തരം

(എ) യാത്രക്കാർ നൽകുന്ന പരാതികളിൻമേൽ കെ.എസ്.ആർ.ടി. സി. അന്വേഷണം നടത്തുകയും തീർപ്പു കൽപ്പിക്കുകയും ചെയ്യുന്നു. കുറ്റക്കാ രുടെ പേരിൽ കേരള സിവിൽ സർവ്വീസ് (സി.സി. ആന്റ് എ) റൂൾ 1960 പ്രകാര മുള്ള ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിലെ കണ്ടക്ടർമാർക്കെ തിരെ ഗുരുതര സ്വഭാവമുള്ള 14 കേസ്സുകൾ ലഭിച്ചിട്ടുണ്ട്. അതിൽ പ്രതികളാ യിട്ടുള്ള കണ്ടക്ടർമാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. സി. മോഹൻദാസ്
2. ശ്രീ. ജി. ഉണ്ണികൃഷ്ണൻ നായർ
3. ശ്രീ. എസ്. ബേബി
4. ശ്രീ. വിജയബാബു
5. ശ്രീ. കെ സുരേഷ്കുമാർ
6. ശ്രീ. ആർ. മാധവൻ നായർ
7. ശ്രീ. സി.വി. മുരളീധരൻ
8. ശ്രീ. എം. മുരളീധരൻ
9. ശ്രീ. കെ.എസ്. മുരളീധരൻ
10. ശ്രീ. കെ. സദാശിവൻ
11. ശ്രീ. റെക്സൻ റോബർട്ട്
12. ശ്രീ. എൻ. പുരുഷോത്തമൻ
13. ശ്രീ. എൻ. രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

മുകളിൽ ചേർത്തിരിക്കുന്നവരുടെ പേരിലുള്ള പരാതികൾ കൂടാതെ ശ്രീമാൻ ജോർജ് സി. ജോസഫ് എന്നൊരാൾ ബസ് നിറുത്തുന്നതിനെ സംബന്ധിച്ച് ഒരു പരാതി നൽകിയിട്ടുണ്ട്. ഈ പരാതി പ്രത്യേകിച്ച് ഒരു കണ്ടക്ടറുടെ പേരിലല്ല.

(സി) പ്രധാനപ്പെട്ട കേസ്സുകളിലെ പരാതിക്കാരുടെ പേരും മേൽവിലാസവും ചുവടെ ചേർക്കുന്നു.

1. ശ്രീ. വേലായുധൻ, വക്കിൽ ഗുമസ്തൻ, നെയ്യാറ്റിൻകര.
2. ശ്രീ. പി.കെ. ഐപ്പ്, മാനേജിംഗ് ഡയറക്ടർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, കണ്ണൂർ
3. ശ്രീമതി എസ്. സുലോചന, പി.എഫ്. കാർട്ടേഴ്സ്, തിരുവനന്തപുരം
4. ശ്രീ. എസ്. പ്രദീപ്, മങ്കട, തിരുവനന്തപുരം.
5. ശ്രീ. കെ.എൽ. പ്രദീപ്, ചേർത്തല.
6. ശ്രീ. കെ.എ. അബ്ദുൾ കരീം, കണ്ണത്തുവീട്, ഫെഡറൽ ഇൻഡസ്ട്രീസ് ലൈൻ, ആലുവ
7. പ്രിൻസിപ്പൽ, എച്ച്.എസ്സ്.എസ്സ്. പള്ളിത്തുറ.
8. ശ്രീ. ടി.പി. പോൾ, കൊല്ലം.
9. ശ്രീമതി വാസന്തി അമ്മ, ശിരസ്തദാർ, എം.എൽ.സി.ടി. നെയ്യാറ്റിൻകര
10. ശ്രീ. കെ.ഒ. വർഗ്ഗീസ്, ഗോസ്പർ ഹൗസ്, പീച്ചി പി.ഒ.
11. ശ്രീമതി ഷെർളി സ്റ്റീഫൻ, എസ്.എഫ്.ഐ. ജില്ലാ കമ്മിറ്റി മെമ്പർ, കൊല്ലം.
12. ശ്രീമതി വത്സലാ കുമാരി, വട്ടപ്പാറ, തിരുവനന്തപുരം.
13. എസ്. ഭരത് കുമാർ, സൗമ്യ, കിളിമാനൂർ.
14. ശ്രീ. ജോർജ് സി. ജോസഫ്, അർച്ചന, കുറ്റിപ്പുറം

(ഡി) 1999 വർഷം ആകെ കിട്ടിയ 107 പരാതികളിൽ 65 എണ്ണം ബാക്കി കിട്ടിയിട്ടില്ലാത്തതു സംബന്ധിച്ചവയാണ്. അവയിൽ 50 എണ്ണം നടപടി പൂർത്തിയാക്കി ബാലൻസ് തുക പരാതിക്കാർക്ക് എത്തിച്ചുകൊടുത്തു. 15 പരാതികളിൻമേൽ അന്വേഷണം നടക്കുകയാണ്. മറ്റുതരത്തിലുള്ള 43 പരാതികളിൽ 29 എണ്ണം പൂർത്തിയായിട്ടുണ്ട്.

(ഇ) 1. ശ്രീ. വേലായുധൻ
2. ശ്രീ. പി.കെ. ഐപ്പ്
3. ശ്രീമതി എസ്. സുലോചന
4. ശ്രീ എസ്. പ്രദീപ്
5. ശ്രീ. കെ.എൽ. ദിലീപ്
6. ശ്രീ. കെ.എ. അബ്ദുൾ കരീം
7. പ്രിൻസിപ്പാൾ, എച്ച്.എസ്.എസ്. പള്ളിത്തുറ
8. ശ്രീ. ടി.പി. പോൾ
9. ശ്രീമതി വാസന്തി അമ്മ
10. ശ്രീ. കെ.ഒ. വർഗ്ഗീസ്

LIBRARY ARCHIVES Kerala Legislative Assembly

11. ശ്രീമതി ഷെർളി സ്റ്റീഫൻ
12. ശ്രീമതി വത്സലകുമാരി
13. ശ്രീ. എസ്. ഭരത് കുമാർ
14. ശ്രീ. ജോർജ് സി. ജോസഫ്

എന്നിവരുടെ പരാതികളിൻമേൽ തീർപ്പുകൽപ്പിക്കുവാനായുണ്ട്.

(എഫ്) എത്രയും പെട്ടെന്ന് നടപടികൾ പൂർത്തിയാക്കുന്നതാണ്.

എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന റൂട്ടിൽ പുതിയതായി കെ.എസ്. ആർ.ടി.സി. ബസ്സ് സർവ്വീസ്

96(192)ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജക മണ്ഡലത്തിലും എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന റൂട്ടിൽ പുതിയതായി ഒരു കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതനുസരിച്ച് കുന്നത്തുനാട് എം.എൽ.എ.യുടെ നിർദ്ദേശപ്രകാരം ബസ്സ് സർവ്വീസ് തുടങ്ങിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെരുമ്പാവൂർ-ചെമ്പറക്കി-കിഴക്കമ്പലം-പടിമറ്റം-നെല്ലാട് മൂവാറ്റുപുഴ വഴി തിരുവനന്തപുരത്തേക്ക് ഒരു ബസ്സ് സർവ്വീസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുന്നത്തുനാട് എം.എൽ.എ. നിർദ്ദേശിച്ച റൂട്ടിൽ ബസ്സ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ റൂട്ട് പൂർണ്ണമായും ദേശവൽകൃത മേഖലയിലല്ലാത്തതിനാലും ബസ്സുകളുടെ അപര്യാപ്തതമൂലവും പ്രസ്തുത ബസ്സ് സർവ്വീസ് ആരംഭിക്കാൻ നിർവ്വാഹമില്ല.

കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ വനിതാ റിസർവേഷൻ വ്യവസ്ഥ

97 (1921)ശ്രീ. പി.കെ. അബ്ദു റബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ വനിതാ റിസർവേഷൻ വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) നിലവിലുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ് ബസ്സുകളിൽ ഇടയ്ക്കുവച്ച് കയറുന്ന വനിതകൾക്ക് കണ്ടക്ടറുടെ സീറ്റിന് സമാന്തരമായിട്ടുള്ള മൂന്നുപേർക്കിരിക്കാവുന്ന സീറ്റ് ഒഴിപ്പിച്ചു നൽകുവാൻ വ്യവസ്ഥയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly